I.ഇ.ബി.XIകേരള നിയമസഭ/IV19

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 12, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### ശ്രദ്ധക്ഷണിക്കൽ

ഗ്വാളിയർ റയോൺസ് കമ്പനിക്കുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ വിവിധ ഡിപ്പോകളിൽ സംഭരിച്ചുവച്ചിരുന്ന തടി ക്രമരഹിതമായി ലേലം ചെയ്ത സംഭവം

ശ്രീ. മത്തായി ചാക്കോ: ഗ്വാളിയർ റയോൺസ് കമ്പനിക്കുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടു മെൻറിന്റെ എട്ടു ഡിപ്പോകളിലായി ശേഖരിച്ചു സൂക്ഷിച്ചിരുന്ന മുള, യൂക്കാലി, അക്കേഷ്യ, കാറ്റാടി തുടങ്ങിയ തടികൾ രണ്ട് പ്രത്യേക വ്യക്തികൾക്ക് ലേലം ചെയ്തു കൊടുത്തിരിക്കുന്നു. 1998-ലാണ് മരം ശേഖരിച്ചിരുന്നത്. കഴിഞ്ഞ ജൂൺ പത്താം തീയതിയാണ് കോഴിക്കോട് ഡി.എഫ്.ഒ.യുടെ നേതൃത്വത്തിൽ ലേലം നടത്തിയത്. ഫെല്ലിംഗ് ടൈമിൽ നിശ്ചയിച്ചിരുന്ന വിലയെക്കാൾ കുറഞ്ഞ വിലയ്ക്കാണ് ലേലം ഉറപ്പിച്ചിരിക്കുന്നത്. മുറിച്ച സ്ഥലത്തുനിന്നു ഡിപ്പോയിൽ കൊണ്ടുപോകുന്നതിനുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ് കൂട്ടാതെയാണ് ഫെല്ലിംഗ് ചാർജ് നിശ്ചയിച്ചിട്ടുള്ളത്. ഇതുമൂലം 18 കോടി രൂപയുടെ നഷ്ടം സംസ്ഥാന ഖജനാവിനുണ്ടാ യിരിക്കുന്നു. ഇതിനെക്കുറിച്ച് അന്വേഷിച്ച് ഡി.എഫ്.ഒ.യ്ക്ക് എതിരെ നടപടി സ്വീകരിക്കാനും ലേലം റദ്ദാക്കി പുനർലേലം നടത്താനും തയ്യാറാകണം.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): വനംവകുപ്പ് സബ്സിഡൈസ് റേറ്റിൽ ഗ്രാസിം ഇൻഡസ്ട്രീസിന് കൊടുത്തു് പണവും വാങ്ങി സൂക്ഷിച്ചിരുന്ന മരങ്ങളാണ്. ഇതുപയോഗിച്ചു പൾപ്പുണ്ടാക്കണമെന്നാണ് കമ്പനിയുമായുള്ള കരാർ. കമ്പനി പൂട്ടിയതു് കൊണ്ടു് ഉപയോഗിക്കാതെ നാലു വർഷമായി വിവിധ ഡിപ്പോകളിൽ മഴയും വെയിലുമേറ്റു കിടന്ന തടിയാണ്. ബിർളായിൽ നിന്നു ഗവൺമെന്റിനു ലഭിക്കാനുള്ള പണം വസൂലാക്കുന്നതിനു വേണ്ടിയാണ് ഇപ്പോൾ ലേലം ചെയ്തത്. മൂന്നു പ്രാവശ്യം പത്രങ്ങളിൽ പരസ്യം ചെയ്തിട്ടും ആരും വാങ്ങാൻ തയ്യാറായില്ല. നാലാമത്തെ പ്രാവശ്യം നാലു പത്രങ്ങളിലും ഗസറ്റിലും പരസ്യം ചെയ്തതിനുശേഷമാണ് ലേലം നടത്തിയത്. 46 പേർ പങ്കെടുത്ത ലേലത്തിൽ ഏറ്റവും ഉയർന്ന റേറ്റിനാണ് ലേലം ഉറപ്പിച്ചത്. കൺഫേം ചെയ്തിട്ടില്ല. ഇതിനെക്കാളും ഉയർന്ന നിരക്കിൽ ക്വാട്ട് ചെയ്യാൻ ആളുണ്ടെങ്കിൽ പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

(2) ജനറൽ നഴ്സിംഗ് കോഴ്സിനുള്ള പ്രവേശനം പ്ലസ് ടു സയൻസ് ഗ്രൂപ്പിൽ യോഗ്യതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് സംബന്ധിച്ച്

ശ്രീ. കെ.കെ.ഷാജു: കേരളത്തിൽ ജനറൽ നഴ്സിംഗ് കോഴ്സിനുള്ള പ്രവേശന യോഗ്യത സയൻസ് ഗ്രൂപ്പിൽ പ്ലസ് ടൂവോ തത്തുല്യ പരീക്ഷയോ ആയി നിശ്ചയിച്ചിരിക്കുന്നു. ആന്ധ്രാപ്രദേശ്, കർണാടക, ബീഹാർ, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ സയൻസ് ഗ്രൂപ്പ് നിർബ്ബന്ധമില്ല. ഇവിടെ സെക്കന്റ് ഗ്രൂപ്പിൽ പ്ലസ് ടൂവിന് വൻ തിരക്കാണ്. മറ്റ് സംസ്ഥാനങ്ങളിലേക്ക് ഒഴുകിപ്പോകുന്ന പണം ഇവിടെത്തന്നെ ചെലവഴിക്കപ്പെടുന്നതിനുകൂടിയാണ് വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയകോളേജുകളടക്കമുള്ള പരിഷ്ക്കാരങ്ങൾ കൊണ്ടുവന്നത്. പ്ലസ് ടൂവിന് സയൻസ് ഗ്രൂപ്പെടുക്കാത്ത കുട്ടികൾ ജനറൽ നഴ്സിംഗ് കോഴ്സിനു പഠിക്കാൻ ഇപ്പോഴും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. മററു സംസ്ഥാനങ്ങളിൽനിന്നു പഠിച്ചുവരുന്ന ജനറൽ നഴ്സിംഗ് സർട്ടിഫിക്കറ്റുകാരെ കേരള നഴ്സിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുമുണ്ട്. ഏത് വിഷയത്തിൽ പ്ലസ് ടൂ പാസ്സായവർക്കും ജനറൽ നഴ്സിംഗിനു പ്രവേശനം അനുവദിക്കുന്ന വിധത്തിൽ ഉത്തരവിറക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി.ശങ്കരൻ): ജനറൽ നഴ്സിംഗ് കോഴ്സിന് ചേരുന്നതിനുള്ള മിനിമം യോഗ്യത ബയോളജി, കെമിസ്ട്രി, ഫിസിക്സ് ഇവ ഐച്ഛിക വിഷയമായി പ്ലസ് ടു പരീക്ഷ പാസ്സായിരിക്കണമെന്നുള്ളതാണ്. ഗുജറാത്ത്, ഡൽഹി തുടങ്ങിയ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഇതേ രീതിയാണ് തുടരുന്നതെങ്കിലും ആന്ധ്രാപ്രദേശ്, കർണാടക തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ ഇത് നിർബ്ബന്ധമല്ല. ബയോളജി പ്രധാന വിഷയമായെടുത്തു പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് അത് നഴ്സിംഗ് കോഴ്സിന് ഗുണകരമാണെന്ന് മാത്രമല്ല മറ്റ് വിഷയങ്ങളെടുക്കുന്ന വിദ്യാർത്ഥികളെക്കാൾ പ്രാവീണ്യം നഴ്സിംഗ് കോഴ്സിൽ നേടാനും കഴിയും. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഈ കാര്യം പരിശോധിക്കുന്നതാണ്.

## സബ്മിഷൻ

(1) ചീമേനി വില്ലേജിലെ ഭൂരിഭാഗം കൈവശക്കൃഷിക്കാരേയും ഒഴിവാക്കി പട്ടയം നൽകാനുള്ള തീരുമാനം

ശ്രീ. കെ.പി.സതീശ് ചന്ദ്രൻ: തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനി വില്ലേജിലുള്ള 400 കൈവശകൃഷിക്കാരിൽ 103 പേർക്കു മാത്രം പട്ടയം നൽകാനുള്ള തീരുമാനം പുന:പരിശോധിച്ച് മുഴുവൻ ആളുകൾക്കും പട്ടയം നൽകണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി): ചീമേനി വില്ലേജിൽ ആകെ 275 കൈവശകൃഷിക്കാർ ഉള്ളതിൽ 103 പേർ കുടികിടപ്പുകാരാണ്. ഇവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള 172 പേരുടെ കാര്യം പരിശോധിച്ചശേഷം അവർക്ക് പട്ടയം ലഭിക്കുന്നതിന് അവകാശമുണ്ടെങ്കിൽ അത് കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം.

(2) മണ്ണടി വേലുത്തമ്പിദളവ സ്മാരകത്തിൽ ദളവയുടെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മണ്ണടി വേലുത്തമ്പിദളവ സ്മാരകത്തിൽ ദളവയുടെ
പ്രതിമ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി ത്വരിതപ്പെടുത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം.ജേക്കബ്): അടൂരിനടുത്തുള്ള മണ്ണടിയിലെ വേലുത്തമ്പിദളവ സ്മാരകത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടി ദളവയുടെ പ്രതിമ നിർമ്മിക്കുന്നതിന് ആർ.ഡി.ദത്തൻ എന്ന ആർട്ടിസ്റ്റ് ആവശ്യപ്പെട്ട 17 ലക്ഷം രൂപയിൽ 10 ലക്ഷം രൂപ കൊടുത്തുകഴിഞ്ഞു. ബാക്കി തുക കൊടുക്കാത്തതുകൊണ്ടാണ് പ്രതിമയുടെ നിർമ്മാണം പൂർത്തിയാക്കാത്തത്. ഈ ഗവൺമെന്റ് വന്നശേഷം ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ബാക്കി തുക ഗഡുക്കളായിട്ട് അദ്ദേഹത്തിന് കൊടുക്കാമെന്ന് അറിയിച്ചെങ്കിലും അനുകൂലമായ പ്രതികരണം കിട്ടിയിട്ടില്ല. എത്രയും വേഗം പ്രതിമയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാം.

(3) ദീൻ ദയാൽ പദ്ധതി

ശ്രീ. ടി.പി.രാമകൃഷ്ണൻ: കേരളത്തിലെ കൈത്തറിത്തൊഴിലാളികൾ ഇന്ന് ഗുരുതരമായ പ്രതിസന്ധിയിലാണ്. ഈ സ്ഥിതി തുടർന്നാൽ കൈത്തറിത്തൊഴിലാളി കുടുംബങ്ങളിൽ പട്ടിണിമരണങ്ങളുണ്ടാകും. കരിവള്ളൂരിൽനിന്ന് ആരംഭിച്ച

കൈത്തറിത്തൊഴിലാളികളുടെ പട്ടിണിജാഥ ഇന്ന് സെക്രട്ടേറിയറ്റ് ഉപരോധത്തോടുകൂടി സമാപിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കേന്ദ്രസഹായ പദ്ധതികളെല്ലാം പുന:സ്ഥാപിക്കുക, കേന്ദ്രസഹായത്തോടു കൂടിയുള്ള ദീൻദയാൽ പദ്ധതിക്ക് ആവശ്യമായ തുക ഡ്ജറ്റിൽ വകയിരുത്തി സംസ്ഥാനത്തിന് ഗുണകരമായ രീതിയിൽ നടപ്പിലാക്കുക; റിബേറ്റ് 20 ശതമാനമായി പുന:സ്ഥാപിക്കുക; നവീകരണത്തിനാവശ്യമായ ആധുനിക സാങ്കേതിക സഹായം ലഭ്യമാക്കുക; കണ്ണൂരിലെ ഹാന്റ്ലൂം ടെക്സ്റ്റയിൽ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിരം പരിശീലന കേന്ദ്രമാക്കുക; സഹകരണ സ്ഥാപനങ്ങളെ പ്രവർത്തന മൂലധനം നൽകി സഹായിക്കുക; കയറ്റുമതി ഉല്പന്നങ്ങൾക്ക് സബ്സിഡി പുന:സ്ഥാപിക്കുക; സബ്സിഡിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിക്കുകയും ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഗൗരവമായി കണ്ട് ഇവരുടെ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരമുണ്ടാക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): കൈത്തറി വ്യവസായത്തിന്റെ നവീകരണം, മാർക്കറ്റിംഗ്, വികസനം എന്നിവ ലക്ഷ്യമാക്കിയുള്ള കേന്ദ്രസഹായത്തോടുകൂടിയുള്ള ദീൻദയാൽ കൈത്തറി വികസന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന വിഹിതമായ 5.51 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. ഈ ഇനത്തിൽ കേന്ദ്രം അനുവദിച്ച 2.25 കോടി രൂപ ഉടൻ വിതരണം ചെയ്യും. ബാക്കി തുക കേന്ദ്രം അനുവദിക്കുന്ന മുറയ്ക്ക് വിതരണം ചെയ്യും. പുതിയ തറികൾ വാങ്ങുന്നതിനും നിലവിലുള്ള തറികളുടെ നവീകരണത്തിനും മൂലധനത്തിനുള്ള മാർക്കറ്റിംഗ് മണിക്കും ഡൈയിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഈ പദ്ധതിപ്രകാരം ഗ്രാന്റായി അനുവദിക്കുന്ന 25 ശതമാനം തുക കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തുല്യമായിട്ടാണ് നൽകുന്നത്. ബാക്കി 75 ശതമാനം തുക ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കും. സഹകരണ ബാങ്കിലെ പണം നബാർഡിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗവൺമെന്റ് ട്രഷറിയിൽ നിക്ഷേപിച്ചതുകൊണ്ട് നബാർഡ് റീ-ഫിനാൻസിംഗ് നിറുത്തലാക്കിയതുമൂലമാണ് പ്രതിസന്ധിയുണ്ടായത്. ഹാന്റക്സിലും ഹാൻവീവിലും ഓണക്കാലം ഉൾപ്പെടെ 50 ദിവസം റിബേറ്റ് നല്കാനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഇൻസെന്റീവും അരിയേഴ്സും കൊടുത്തുതീർക്കാൻ നടപടിയെടുത്തുവരികയാണ്. റിബേറ്റ് ഇനത്തിൽ കൊടുത്തുതീർക്കാനുള്ള 24.6 കോടിരൂപ കൊടുത്തുതീർക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാന്ദൻ): റിബേറ്റ് അടിസ്ഥാനത്തിൽ വില്പന നടത്താനുള്ള സൗകര്യം ഗവൺമെന്റ് ചെയ്തു കൊടുക്കുമോയെന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ വ്യക്തമാക്കിയില്ല.. "ദീൻ ദയാൽ പദ്ധതി" പ്രകാരമുള്ള ഒരു പദ്ധതിയും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല. കൈത്തറി വ്യവസായത്തിന്റെ ആധുനികവൽക്കരണത്തിനുള്ള യാതൊരു നടപടിയുമെടുത്തിട്ടില്ല. ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള നിരുത്തരവാദപരമായ നയസമീപനങ്ങളുടെ ഫലമായിട്ട് ഈ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധിയെത്തുടർന്ന് രണ്ടുപേർ മരിച്ചു; ലക്ഷക്കണക്കിന്

കുടുംബങ്ങൾ പട്ടിണിയിലുമാണ്. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാനാവശ്യമായ നടപടി യുണ്ടാകണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): 1987-ലാണ് റിബേറ്റ് സ്കീം നിറുത്തലാക്കിയത്. അതിനുപകരമുള്ള മാർക്കറ്റിംഗ് ഇൻസെന്റീവ് കൊടുത്തുതീർക്കാൻ നടപടിയെടുത്തുവരുന്നു. ഓണത്തിന് റിബേറ്റ് കൊടുക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തൃപ്തികരമായ മറുപടി ലഭിക്കാത്തതിൽ പ്രതി ഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ടു പുറത്തുപോവുകയും അല്പസമയത്തി നുള്ളിൽ വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.

(4) പ്രൈവറ്റ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരണം.

ശ്രീ. എം. മുരളി: പ്രൈവറ്റ് കോളേജുകളിലെ അനദ്ധ്യാപകരുടെ സ്റ്റാഫ് പാറ്റേണിനെ ക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ ചെയർമാനായി നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അശാസ്ത്രീയമായതിനാൽ ആ റിപ്പോർട്ട് നിരാകരിക്കണം; അനദ്ധ്യാപക ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാര മുണ്ടാക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയം ചെയ്യുന്നതിനുവേണ്ടി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തി അവരുടെ അഭിപ്രായങ്ങൾകൂടി ലഭിച്ചതിനുശേഷം ഗവൺമെന്റ് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

(5) സജി ജോസഫ് ഷോക്കടിച്ച് മരണമടഞ്ഞ സംഭവം

ശ്രീ. എം. കുമാരൻ: ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലത്തിലെ കാട്ടിപ്പൊയിൽ ജോസഫ് ഡൊമിനിക്കിന്റെ മകൻ സജി ജോസഫ് 25-2-02-ന് ഷോക്കേറ്റ് മരിക്കാനിടയായത് വൈദ്യുതി ബോർഡിന്റെ അനാസ്ഥമൂലമാണ്. ഈ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും സജിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാനും നടപടിയുണ്ടാകണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): അപകടസ്ഥലത്തുനിന്ന് 3 കിലോമീറ്റർ അകലെയുള്ള കാരയാട് എന്ന സ്ഥലത്ത് പുതിയതായി നിർമ്മിച്ച 11 കെ.വി. ലൈനും ഒരു സിംഗിൾ ഫേസ് എൽ.ടി. ലൈനും കൂട്ടിമുട്ടി സപ്ളൈ ഉണ്ടായതുകൊണ്ടാണ്

ചരിഞ്ഞിരുന്ന കോൺക്രീറ്റ് പോസ്റ്റിൽ കയറി അത് നിവർത്തുന്നതിനിടയിൽ സജി ജോസഫ് ഷോക്കേറ്റ് മരിച്ചത്. ഇതുസംബന്ധിച്ച് ആലങ്കോട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ

ചെയ്തിട്ടുണ്ട്.. ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ് എഞ്ചിനീയർ, ലൈൻമാൻ എന്നിവരുടെ പേരിൽ പോലീസ് കേസെടുത്തിട്ടുണ്ട്. വൈദ്യുതി ബോർഡിന് നേരിട്ട് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയില്ലാത്തതുകൊണ്ട് ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി സുരക്ഷാ ഇൻഷുറൻസ് പദ്ധതി അനുസരിച്ച് സജി ജോസഫിന്റെ ആശ്രിതർക്ക് 50,000 രൂപ ധനസഹായം നൽകുന്നതാണ്.

(6) <u>മറയൂർ– കാന്തല്ലൂർ പ്രദേശങ്ങളിൽ നടക്കുന്ന ചന്ദനമോഷണം</u>

<u>ശ്രീ. എ.കെ.മണി:</u> ദേവികുളം നിയോജകമണ്ഡലത്തിലെ മറയൂരിൽ വനം വകുപ്പുദ്യോഗസ്ഥന്മാരുടെ ഒത്താശയോടുകൂടി ചന്ദനക്കള്ളക്കടത്ത് വ്യാപകമായിരിക്കുകയാണ്. ഇതിന്റെ പേരിൽ ജനപ്രതിനിധിയായ ഞാൻ ചന്ദനമരം വെട്ടി വിൽക്കുന്നവരിൽ നിന്നും വനം വകുപ്പുദ്യോഗസ്ഥന്മാരിൽ നിന്നും ഭീഷണി നേരിടുന്നതോടൊപ്പം എന്നെ മോശമായ രീതിയിൽ ചിത്രീകരിക്കുകയും ചെയ്യുന്നു. ഈ പ്രശ്നത്തിന് പരിഹാരം കാണാനും. രാജ്യത്തിന്റെ സമ്പത്ത് സംരക്ഷിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സുധാകരൻ):</u> ബഹുമാനപ്പെട്ട അംഗത്തെ മോശമായ രീതിയിൽ വനം വകുപ്പുദ്യോഗസ്ഥന്മാർ ചിത്രീകരിക്കുന്നുവെങ്കിൽ അത് ഗൗരവമായി എടുക്കുന്നതാണ്. കേരളത്തിലെ ഏക ചന്ദന റിസർവായ മറയൂരിലെ ചന്ദന കള്ളക്കടത്ത് തടയാൻ ധാരാളം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതോടനുബന്ധിച്ച് ചന്ദനകള്ളക്കടത്തിന് കൂട്ടുനിന്ന 39 വനം വകുപ്പുദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുകയും സ്വകാര്യ വനഭൂമിയിലെ ചന്ദനമരം നഷ്ടപ്പെട്ടതിന് 164 എൽ.സി. കേസുകളും 32 പോലീസ് കേസ്സുകളും എടുക്കുകയും ചെയ്തിട്ടുണ്ട്. 13.8.2001 മുതൽ 1.10.2001 വരെയുള്ള കാലയളവിൽ ചന്ദനകള്ളക്കടത്ത് നടത്തിയ 43 പ്രതികളെ അറസ്റ്റ് ചെയ്യുകയും 7.98 ലക്ഷം രൂപ വിലവരുന്ന 223.50 കിലോഗ്രാം ചന്ദനത്തടി കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി മൂന്ന് ചെക്ക് പോസ്റ്റുകൾകൂടി ആരംഭിക്കുകയുണ്ടായി. പ്രാദേശിക തലത്തിലുള്ള സ്ത്രീകൾക്കുപോലും ഈ കള്ളക്കടത്തിൽ പങ്കുണ്ടെന്ന് കണ്ടതിനാൽ ഒരു വനിതാ ഫോറസ്റ്റ് ഗാർഡിനെ നിയമിക്കുകയും തോക്ക്, വയർലെസ് സെറ്റ്, വാക്കി–ടാക്കി എന്നിവ കൂടുതൽ നൽകുകയും ചെയ്തിട്ടുണ്ട്. ഫോറസ്റ്റിലെ ചന്ദനമരങ്ങൾ എണ്ണിത്തിട്ടപ്പെടുത്തിയിട്ടുണ്ട്. അവിടെ ഏർപ്പെടുത്തിയ നടപടിക്രമങ്ങൾമൂലം 11,860 കിലോഗ്രാം ചന്ദനം പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചന്ദനം കടത്ത് തൊഴിലാക്കിയവരെ ഹാബിചൽ ഒഫന്റേഴ്സ് ലിസ്റ്റിൽപ്പെടുത്തി പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇതിനു പുറമെ ആഭ്യന്തരം, വനം, റവന്യു എന്നീ വകുപ്പുകളിലെ ഉന്നത

ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തി കൂടുതൽ കാര്യക്ഷമതയോടുകൂടി ചന്ദന കള്ളക്കടത്ത് തടയാനുള്ള സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

## റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## സാമാന്യമായി പൊതു താൽപര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതിന് നിയമ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത

(ചർച്ച തുടർച്ച)

ശ്രീ. കെ. എൻ. എ. ഖാദർ: (തുടർച്ച) പ്രവാസികളായ എല്ലാ ഇൻഡ്യാക്കാർക്കും വോട്ടവകാശം നൽകണം. കേരളത്തിൽ നിലനിൽക്കുന്ന ജനാധിപത്യ സംവിധാനമനുസരിച്ചുള്ള വോട്ടവകാശം നമുക്ക് നേടിത്തന്നത് പ്രവാസിയായ മഹാത്മാ ഗാന്ധിയാണ്. എല്ലാ ഭാരതീയരും തന്റെ സഹോദരീ സഹോദരന്മാരാണെന്ന് അവകാശപ്പെടുന്ന നാം പ്രവാസികളായ നമ്മുടെ സഹോദരങ്ങൾക്ക് വോട്ടവകാശം നേടിയെടുക്കാൻ തയ്യാറാകണം. നാടും വീടും വിട്ട് വിദേശത്ത് ജോലി തേടിപ്പോകുന്ന പ്രവാസികളായ ഇൻഡ്യാക്കാരുടെ പണവും മൂലധന നിക്ഷേപങ്ങളും മാത്രം കാംക്ഷിക്കാതെ അവർക്കുവേണ്ടി ഗുണപരമായ ചില കാര്യങ്ങൾ കൂടി ചെയ്യേണ്ട കടമ സംസ്ഥാന സർക്കാരുകൾക്കുണ്ട്. പ്രവാസികൾക്ക് ക്ഷേമ പദ്ധതികൾ, ഇൻഷ്വറൻസ് സ്കീമുകൾ, യാത്രാക്കൂലിയിൽ ഇളവനുവദിക്കൽ, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങി ഒട്ടേറെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാനുണ്ട്. വോട്ടവകാശം അതിൽ പ്രധാനപ്പെട്ടതാണ്. പാർലമെന്ററി ജനാധിപത്യത്തിൽ നമുക്ക് മാതൃകയായിട്ടുള്ള ബ്രിട്ടണിൽ പോലും അവർക്ക് വോട്ടവകാശം കൊടുക്കാനുള്ള നിയമമുണ്ട്. കേരളത്തിലെ മുഴുവൻ ആളുകളും കക്ഷിഭേദമെന്യേ വർഷങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന പ്രവാസികൾ ക്കുള്ള വോട്ടവകാശം ലഭ്യമാക്കുന്നതിന് ഭരണഘടനയിലോ ജനപ്രാതിനിധ്യ നിയമത്തിലോ ഭേദഗതി വരുത്തുന്നതിന് ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാവുന്നതാണ്. അത് കേരളത്തിന് വലിയൊരു നേട്ടമായിരിക്കും.

ശ്രീ. സി. ടി. അഹമ്മദ് അലി: പ്രമേയത്തെ പിന്താങ്ങുന്നു. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇൻഡ്യയുടെ സമ്പദ്ഘടനയിൽ നല്ലൊരു പങ്ക് വിദേശനാണ്യം നേടിത്തരുന്ന പ്രവാസി ഭാരതീയർക്ക് വോട്ടവകാശം ലഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഏകകണ്ഠമായി പ്രമേയം പാസ്സാക്കി ജനപ്രാതിനിധ്യ നിയമത്തിൽ ആവശ്യമായ ഭേദഗതി

വരുത്താൻ ഇൻഡ്യാ ഗവൺമെന്റിനോട് ആവശ്യപ്പെടണം. ഇന്ന് തലസ്ഥാനത്തു നടക്കുന്ന എം.പി.മാരുടെ സമ്മേളനത്തിലും ഇക്കാര്യം ചർച്ച ചെയ്ത് ഇന്ത്യാ ഗവൺമെന്റിന്റെ മുമ്പിൽ അവതരിപ്പിക്കാൻ തയ്യാറാകണം. വിദേശ മലയാളികളുടെ പേരുകൾ നിർബന്ധമായും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടിയുണ്ടാകണം.

ശ്രീ. കെ. സി. ജോസഫ്: താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ "കേരളത്തിൽ നിന്നും................എന്നു മുതൽ എല്ലാ പ്രവാസികൾക്കും എന്നുവരെയുള്ള ഭാഗം നീക്കം ചെയ്ത് പകരം "വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇൻഡ്യാക്കാരായ എല്ലാ പ്രവാസികൾക്കും അവർ ആഗ്രഹിക്കുന്ന പക്ഷം ഇൻഡ്യയിലെ" എന്ന് ചേർക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: പ്രമേയത്തെ പിന്താങ്ങുന്നു. കേരളീയ ജനജീവിതത്തിന്റെ ഒരു അവിഭാജ്യ ഘടകമാണ് പ്രവാസികൾ. അവർക്ക് പിറന്ന നാടിനോട് കൂറും കടപ്പാടുമുണ്ടെങ്കിലും മാറി മാറി വരുന്ന ഭരണകൂടങ്ങൾ അവർക്കുവേണ്ടി യാതൊന്നും ചെയ്യുന്നില്ലെന്നുള്ളതാണ് വസ്തുത. കോടിക്കണക്കിന് രൂപയുടെ വിദേശ നാണ്യം നേടിത്തരുന്ന ഇവരെ രണ്ടാംകിട പൗരൻമാരായിട്ടാണ് കണക്കാക്കുന്നത്. വിദേശ മലയാളികൾക്കുവേണ്ടി നോർക്ക വകുപ്പ് രൂപീകരിച്ചിട്ടുണ്ടെങ്കിലും അവരെ നമ്മുടെ ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാക്കാൻ സാധിച്ചിട്ടില്ല. പതിമൂന്ന് ലക്ഷത്തോളം പ്രവാസികൾ ഗൾഫ് നാടുകളിലുണ്ട്. അവർക്ക് വോട്ടവകാശം ലഭിക്കുന്നതിന് ഇൻഡ്യൻ ഭരണഘടനയിലും ജനപ്രാതിനിധ്യ നിയമത്തിലും മാറ്റം വരുത്തണം. വോട്ടവകാശം മാത്രമല്ല, അവർക്ക് ലോകസഭ, നിയമസഭ, പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ മൽസരിക്കാനുള്ള അവസരം കൂടി നൽകണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്തിലെ നല്ലൊരു ശതമാനം ആളുകളെ ബാധിക്കുന്ന പ്രശ്നമാണ് ഈ പ്രമേയത്തിലൂടെ ചർച്ച ചെയ്തു കൊണ്ടിരിക്കുന്നത്. ജനാധിപത്യ വ്യവസ്ഥിതിയിൽ വോട്ടവകാശം ഒരു വിഭാഗത്തിന് മാത്രമായി പരിമിതിപ്പെടുത്താതെ ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലും വിദേശ രാജ്യങ്ങളിലും ജോലിക്ക് പോയിട്ടുള്ളവർക്ക് കൂടി ലഭ്യമാക്കണം. വിദേശ മലയാളികൾ നമ്മുടെ രാജ്യത്തിന് കോടിക്കണക്കിന് രൂപയുടെ വിദേശ നാണ്യം നേടിത്തരുന്നുണ്ട്. വിദേശ രാജ്യങ്ങളിലെ ലേബർ ക്യാംപുകളിൽ കഴിയുന്നവരുടെ ജീവിതം വളരെ പരിതാപകരമാണ്. ആ കാര്യത്തിൽ ആവശ്യമായ പരിഹാരമുണ്ടാക്കണം. വിദേശ മലയാളികൾക്ക് ഐഡന്റിറ്റി കാർഡും റേഷൻ കാർഡും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഗൾഫ് മലയാളികളെ ഇൻഡ്യൻ പൗരൻമാരായി നിലനിർത്താൻ കഴിയണം. അവർക്ക് വോട്ടു ചെയ്യാനുള്ള മൗലികമായ അവകാശം കൊടുക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗൾഫ് മലയാളികൾക്കു വേണ്ടി ഒരു വകുപ്പുണ്ടാക്കിയെങ്കിലും വിദേശത്തു വച്ച് മരണപ്പെടുന്ന മലയാളികളുടെ ഡെഡ് ബോഡി നാട്ടിൽ എത്തിക്കുന്നതിനുള്ള സൗകര്യമുണ്ടായിരുന്നില്ല.. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഡെഡ് ബോഡി നാട്ടിലെത്തിക്കുന്നതിനുള്ള

നടപടി സ്വീകരിച്ചു. ഗൾഫ് മലയാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെങ്കിലും എംബസ്സിയോടു ചേർന്ന് മലയാളി സെൽ രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണം. ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഇൻഡ്യാ ഗവൺമെന്റുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കണം. ജയിലുകളിൽ കഴിയുന്ന മലയാളി കുട്ടികളെ കേരളത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന് കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കണം. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായവർക്കു മാത്രമേ ഗൾഫ് നാടുകളിൽ വിസ പുതുക്കി കൊടുക്കുകയുള്ളു എന്ന പുതിയ നിയമം ദീർഘകാലമായി അവിടെ ജോലി ചെയ്യുന്ന നിരവധി ആളുകൾ നാട്ടിൽ മടങ്ങി വരേണ്ട സ്ഥിതിയുണ്ടാക്കും. അതുകൊണ്ട് ഇൻഡ്യാ ഗവൺമെന്റുമായി ഈ കാര്യം ടേക്കപ്പ് ചെയ്ത് ആ രാജ്യങ്ങളിലെ ഗവൺമെന്റുമായി ചർച്ച ചെയ്ത് അവിടെ ഇപ്പോൾ ജോലി ചെയ്തു കൊണ്ടിരിക്കുന്നവരെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ 18 വയസ് പൂർത്തിയായവർക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതാമെന്ന നിയമം ബാധകമാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : പ്രമേയത്തെ അനുകൂലിക്കുന്നു. സഭയിലെ മുഴുവൻ ആളുകളും ഒരേ അഭിപ്രായം പ്രകടിപ്പിക്കുന്നതും വളരെക്കാലമായി ആവശ്യപ്പെടുന്നതുമായ ഒരു കാര്യമെന്നുള്ള നിലയിൽ ഈ പ്രമേയം വളരെയധികം പ്രാധാന്യമർഹിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദേശ മലയാളികളുടെ പേര് റേഷൻ കാർഡിൽ ചേർക്കാൻ നടപടി സ്വീകരിച്ചു. അതുപോലെ പ്രവാസി മലയാളികൾക്ക് വോട്ടവകാശം ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. ഈ സഭയിലെ മുഴുവൻ ആളുകളും ഒരേ വികാരത്തോടുകൂടി ഈ പ്രമേയത്തെ അനുകൂലിക്കണം.

ശ്രീ. കെ.കെ. ഷാജു: പ്രമേയത്തെ പിൻതാങ്ങുന്നു. സംസ്ഥാനത്തിനു കോടിക്കണക്കിനു രൂപയുടെ വിദേശനാണ്യം നേടിത്തരുന്നവരും സംസ്ഥാനത്തെ വികസന പ്രക്രിയയിൽ സജീവപങ്കാളിത്തം വഹിക്കുന്നവരുമായ വിദേശമലയാളികളുൾപ്പെടെയുള്ള വിദേശ ഇന്ത്യാക്കാർക്ക് വോട്ടവകാശം നൽകുകയെന്നത് അനിവാര്യമായ ഒരാവശ്യമാണ്. വിദേശത്ത് ജോലി ചെയ്യുന്ന എല്ലാവർക്കും നാട്ടിൽ വന്നു വോട്ടു ചെയ്യാൻ പറ്റിയെന്നുവരില്ല. അതിനാൽ നാട്ടിൽ വരാതെതന്നെ വിദേശ ഇന്ത്യാക്കാർക്ക് വോട്ടവകാശം വിനിയോഗിക്കാൻ കഴിയുന്ന രീതിയിൽ ജനപ്രാതിനിധ്യ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസി മലയാളികളുടെ കുട്ടികൾക്ക് സ്കൂൾ പ്രവേശനത്തിനു മുൻഗണന നൽകണം. അവരുടെ സംഘടനകളുമായി ചർച്ച ചെയ്ത് വികസന പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പു വരുത്തണം.

ശ്രീ. പി. എസ്. സുപാൽ: പ്രമേയത്തെ പിൻതാങ്ങുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് വിദേശമലയാളികളുടെ ക്ഷേമകാര്യങ്ങൾ നോക്കുന്നതിനായി നോർക്ക വകുപ്പു രൂപീകരിച്ചതും അവർക്കുവേണ്ടി നിരവധി ക്ഷേമ-സുരക്ഷിതത്വ പദ്ധതികൾ നടപ്പിലാക്കിയതും. വിദേശമലയാളികളുടെ പേരു റേഷൻ

കാർഡിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചതും പ്രവാസി മലയാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തത് കഴിഞ്ഞ ഗവൺമെന്റാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രവാസി വകുപ്പിനുവേണ്ടി ഒരു മന്ത്രിയെ നിയമിച്ചു എന്നതിൽക്കവിഞ്ഞു കൂടുതലായി ഒരു പ്രവർത്തനവും കാഴ്ച വയ്ക്കാൻ കഴിഞ്ഞിട്ടില്ല. വിദേശമലയാളികൾക്ക് വോട്ടവകാശം നൽകേണ്ടത് ഒരു അടിയന്തിരാവശ്യമാണ്. അതുപോലെതന്നെ ഗൾഫ് വിമാനയാത്രക്കൂലി കുറയ്ക്കുന്നതിനും വിദേശത്തുനിന്നു മടങ്ങിവരുന്നവരെ പുനരധിവസിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവകുപ്പുമന്ത്രി <u>(ശ്രീ. പി.ശങ്കരൻ) (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയ്ക്കുവേണ്ടി):</u> ഈ പ്രമേയം അംഗീകരിക്കാവുന്നതാണ്. ഇവിടെ അവതരിപ്പിച്ച ഭേദഗതിയോട് യോജിക്കുന്നില്ല. ജനപ്രാതിനിധ്യ നിയമത്തിലെ 19 (ഡി) അനുസരിച്ച് സ്ഥിര താമസക്കാർക്ക് മാത്രമേ വോട്ടവകാശമുള്ളൂ. വിദേശ മലയാളികൾക്ക് വോട്ടവകാശത്തിന് അർഹതയില്ല. വിദേശ മലയാളികളോടുള്ള പ്രത്യേക താല്പര്യമാണ് അവർക്കുവേണ്ടി പ്രത്യേകമായ ഒരു വകുപ്പുതന്നെ രൂപീകരിക്കാനിടയായത്. മലയാളികൾക്ക് വോട്ടവകാശം നൽകുന്നതുമായി ബന്ധപ്പെട്ട് വിശദമായ നിവേദനം കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. ജനപ്രാതിനിധ്യ നിയമത്തിലെ 19-ാം വകുപ്പ് ഭേദഗതി ചെയ്ത് അതിന്റെ നിർവ്വചനത്തിൽ മാറ്റം വരുത്തിയാൽ പ്രവാസികൾക്കുകൂടി വോട്ടവകാശം നൽകാവുന്നതേ യുള്ളൂ എന്നാണ് വിദഗ്ദ്ധ നിയമോപദേശം ലഭിച്ചിട്ടുള്ളത്. ഈ പ്രമേയത്തിന്റെ അന്തസത്ത പൂർണമായും ഗവണ്മെന്റ് ഉൾക്കൊള്ളുന്നതുകൊണ്ട് ഇത് ഐകകണ്ഠ്യേന പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

<u>ഫാക്ട് സ്വകാര്യവൽക്കരണം</u>

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു. "കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പൊതുമേഖലാ വ്യവസായശാലകളിൽ ഒന്നായ ഫാക്ട് സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിൽ കേരള നിയമസഭ ശക്തിയായി പ്രതിഷേധിക്കുന്നു. ഫാക്ട് സ്വകാര്യവൽക്കരിക്കുന്നത് കേരളത്തിനും പൊതുവിൽ കാർഷിക മേഖലയ്ക്കും ദോഷകരമായതിനാൽ പ്രസ്തുത സ്ഥാപനം പൊതുമേഖലയിൽ നിലനിർത്തണമെന്ന് ഈ സഭ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു."

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനമായ ഫാക്ട് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിരിക്കുന്നു. 6000–ത്തോളം തൊഴിലാളികൾ നേരിട്ടും 3000–ത്തോളം പേർ പരോക്ഷമായും ഈ സ്ഥാപനത്തെ ആശ്രയിച്ചു ജീവിക്കുന്നു. സ്വന്തമായി 2600 ഏക്കർ സ്ഥലവും 15 പ്ലാന്റുകളും 7700 ഡീലർ പോയിന്റുകളും വേണ്ടത്ര വെയർഹൗസിംഗ് കപ്പാസിറ്റിയുമുള്ള ഫാക്ടിന്റെ മൊത്തം ആസ്തി 10,000 കോടി രൂപയിലേറെയാണ്. കേരളത്തിലെ കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് നിർണ്ണായകമായ പങ്കാണ് എഫ്.എ.സി.ടി. വഹിച്ചിട്ടുള്ളത്. 1991–ലെ നരസിംഹറാവു ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയങ്ങളാണ് എഫ്.എ.സി.ടി. ഉൾപ്പെടെയുള്ള പല പൊതുമേഖലാ സ്ഥാപനങ്ങളുടേയും പതനത്തിന് തുടക്കം കുറിച്ചത്. ആ നയങ്ങൾക്ക് കൂടുതൽ ശക്തി പകർന്നുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിൽക്കുന്നതിനും സ്വകാര്യ വ്യക്തികൾക്ക് കൈമാറുന്നതിനുമാണ് ബി.ജെ.പി. ഗവൺമെന്റ് ഇപ്പോൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. നഷ്ടത്തിന്റെ കണക്ക് പറഞ്ഞുകൊണ്ടാണ് എഫ്.എ.സി.ടി.യെ സ്വകാര്യവൽക്കരിക്കാൻ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. യാതൊരു മാനദണ്ഡവുമില്ലാതെ ആസ്തി എത്രയുണ്ടെന്നുപോലും നോക്കാതെ കേരളത്തിലെ പല കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളേയും സ്വകാര്യ മുതലാളിമാർക്ക് കൈമാറുന്നതിനുള്ള കേന്ദ്ര നടപടിക്ക് എതിരെ സംസ്ഥാന ഗവൺമെന്റ് ശക്തമായി പ്രതികരിക്കണം. എഫ്.എ.സി.ടി.യുടെ സ്വകാര്യവൽക്കരണം തടയുകയും പ്രസ്തുത ഫാക്ടറി സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള ധൈര്യം കാണിക്കുകയും വേണം. കേരള ജനതയുടെ പൊതുവികാരം കണക്കിലെടുത്ത് ഈ പ്രമേയം കേരളനിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കണം.

<u>ശ്രീ. പി.നാരായണൻ:</u> പ്രമേയത്തെ പിന്താങ്ങുന്നു. എഫ്.എ.സി.ടി.യുടെ 51 ശതമാനം ഓഹരികൾ സ്വകാര്യ മുതലാളിമാർക്ക് വിൽക്കാൻ തീരുമാനമെടുത്ത കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിനെതിരെ സംസ്ഥാന ഗവൺമെന്റ് ശക്തമായി പ്രതികരിക്കണം. കേരളത്തിലെ പല കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവൽക്കരണ ഭീഷണിയെ നേരിട്ടുകൊണ്ടിരി ക്കുകയാണ്. ഇത് കേരള സംസ്ഥാനത്തെ വളരെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമാണ്. ഈ സാഹചര്യത്തിൽ എഫ്.എ.സി.ടി. ഉൾപ്പെടെയുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരണ ഭീഷണിയിൽനിന്ന് രക്ഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ശക്തമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തണം.

<u>ശ്രീ. കെ.സി.വേണുഗോപാൽ:</u> കേരളത്തിലെ കാർഷികമേഖലയുടെ വളർച്ചയ്ക്ക് വലിയ സംഭാവന നൽകിയ എഫ്.എ.സി.ടി.യെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം സംസ്ഥാനത്തിന് ദോഷകരമാണ്. സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി ശക്തിപ്പെടുത്തുന്നതിൽ എഫ്.എ.സി.ടി.യുടെ പ്രവർത്തനം വളരെയേറെ സഹായകരമായിട്ടുണ്ട്. നഷ്ടത്തിന്റെ കണക്കു പറഞ്ഞ് പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്നത് രാജ്യതാൽപ്പര്യത്തിന് എതിരാണ്. ഡിസ്ഇൻവെസ്റ്റുമെന്റിനെ പ്രോൽസാഹിപ്പിക്കുന്ന സമീപനമല്ല ഈ ഗവൺമെന്റിനുള്ളത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന

പൊതുമേഖലാ സ്ഥാപനങ്ങൾ ഗവൺമെന്റിന് ബാദ്ധ്യതയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ വേണ്ടെന്നു വയ്ക്കാനുള്ള ബി.ജെ.പി.യുടെ അജണ്ടയോട് കോൺഗ്രസ്സിന് യോജിപ്പില്ല. അതേസമയം സ്വകാര്യവത്കരണം നടത്തുന്നത് അപകടകരമാണെന്നുള്ള ആശയത്തോടും യോജിക്കുന്നില്ല. `ഫാക്ട്` വിൽക്കുന്നതിന് സംസ്ഥാന ഗവൺമെൻറും ജനങ്ങളും എതിരാണ്. `ഫാക്ട്` സ്വകാര്യവത്കരണ നീക്കത്തിനെതിരെ പ്രധാനമന്ത്രിക്കും ബന്ധപ്പെട്ട കേന്ദ്രമന്ത്രിക്കും മുഖ്യമന്ത്രി കത്ത് അയച്ചിട്ടുണ്ട്.

<u>ശ്രീ. കളത്തിൽ അബ്ദുള്ള:</u> പ്രമേയത്തെ അനുകൂലിക്കുന്നു. `ഫാക്ട് ` സ്വകാര്യവത്കരിക്കാനുള്ള നീക്കത്തിന് പല തലങ്ങളിൽനിന്നും ശക്തമായ പ്രതിഷേധം ഉണ്ടാകുന്നുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു പൊതുമേഖലാ സ്ഥാപനമെന്നതിലുപരി വ്യവസായവത്കരണം ത്വരിതപ്പെടുത്താനും ഈ സ്ഥാപനം വളരെയധികം സഹായകരമായിട്ടുണ്ട്. 7198 ജീവനക്കാർ പണിയെടുക്കുന്ന ഈ സ്ഥാപനം സംസ്ഥാനത്തിന്റെ കാർഷിക മേഖലയുടെ വികസനത്തിലും ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ നഷ്ടത്തിന്റെ പേരിൽ സ്വകാര്യവത്കരിക്കുന്നത് നാടിന് ദോഷം ചെയ്യും. അതുകൊണ്ട് എത്ര നഷ്ടമുണ്ടായാലും കേന്ദ്ര സർക്കാരായാലും സംസ്ഥാന സർക്കാരായാലും സോഷ്യൽ ആസ്പെക്ടിൽ അത് പൊതുമേഖലയിൽത്തന്നെ നിലനിർത്തണം.

<u>ശ്രീ. തോമസ് ചാഴികാടൻ:</u> പ്രമേയത്തെ അനുകൂലിക്കുന്നു. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും വമ്പിച്ച പുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുള്ള `ഫാക്ട് ` നഷ്ടത്തിൽ പ്രവർത്തിക്കുന്നു എന്ന ഒറ്റക്കാരണം കൊണ്ട് സ്വകാര്യവത്കരിക്കുന്ന അശാസ്ത്രീയ നടപടിയിൽനിന്ന് പിന്തിരിയണം. മാനേജുമെന്റിലും മറ്റുമുള്ള പോരായ്മ പരിഹരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാനാവശ്യമായ നടപടി സ്വീകരി ക്കണം.

<u>ശ്രീ. കെ.കെ. ഷാജു:</u> പ്രമേയത്തെ അനുകൂലിക്കുന്നു. ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക മേഖലയിലുണ്ടായിട്ടുള്ള മുന്നേറ്റവും പുരോഗതിയും ഇറക്കുമതി നയംമൂലം തകർന്നു. ഉദാരവത്കരണവും ആഗോളവത്കരണവുംമൂലം ഗുണവും ദോഷവും ഉണ്ടാകും. ഗുണത്തെ പ്രയോജനപ്പെടുത്തുകയും ദോഷത്തെ ചെറുത്തു തോല്പിക്കുകയുമാണ് ചെയ്യേ ണ്ടത്. ആ ഒരു സമീപനമാണ് നാം സ്വീകരിക്കേണ്ടത്. `ഫാക്ട് ` പൊതുമേഖലയിൽതന്നെ നിലനിർത്താനാവശ്യമായ നടപടി കേന്ദ്ര സർക്കാർ സ്വീകരിക്കണം.

<u>ശ്രീ. സാജു പോൾ:</u> പ്രമേയത്തെ പിന്താങ്ങുന്നു. `ഫാക്ട് ` സ്വകാര്യവത്കരിക്കുന്നതിൽ കേരളീയരാകെ എതിരാണ്. പത്താം കേരള നിയമസഭയിലും ഇതു സംബന്ധിച്ച ഒരു പ്രമേയം ഏകകണ്ഠമായി പാസ്സാക്കിയിട്ടുണ്ട്. എല്ലാ മേഖലയിലും ഇതിന്റെ പ്രത്യാഘാതം ഉണ്ടാകും. പതിനായിരം കോടി രൂപയുടെ ആസ്തിയും

പതിനായിരത്തോളം കുടുംബങ്ങളുടെ ആശ്രയവുമായ ഒരു മഹാ സ്ഥാപനമാണിത്. `ഫാക്ട് ` ഒരു പൊതുമേഖലാ സ്ഥാപനമാണെന്നതിലുപരി രാസവള ഉപയോഗം വ്യാപകമാക്കുന്നതിലും വ്യവസായ വികസനത്തിലും പുതിയ സങ്കല്പം നമ്മെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു പല കമ്പനികൾക്കും ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങളും ഇവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. സെയിൽസ് ടാക്സ്, ഇൻകം ടാക്സ്, കോർപ്പറേറ്റ് ടാക്സ്, കസ്റ്റംസ് ഡ്യൂട്ടി, എക്സൈസ് ഡ്യൂട്ടി എന്നീ ഇനങ്ങളിൽ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾക്ക് ലഭിക്കുന്ന വരുമാനത്തിൽ നല്ലൊരു ഭാഗം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ളവയാണ്. ഈ സ്ഥാപനങ്ങളൊക്കെ സ്വകാര്യവൽക്ക രിച്ചാൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കുണ്ടാകുന്ന നഷ്ടം ഭീമമാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തികനയങ്ങളുടെ ഫലമായി വന്നിട്ടുള്ള ഈ കെടുതികൾക്കെതിരെ പ്രതികരിക്കാനും നിശ്ചയദാർഢ്യത്തോടുകൂടിയ ഒരു സമീപനം സ്വീകരിക്കാനും തയ്യാറാകണം. സംസ്ഥാനത്തുള്ള സ്ഥാപനങ്ങൾ നഷ്ടപ്പെടുത്തിയിട്ട് കേന്ദ്ര ഗവൺമെന്റ് അർഹമായത് നൽകുന്നില്ലെന്ന് വിലപിക്കുന്നതിൽ അർത്ഥമില്ല. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ തുറന്നുകാണിക്കാനും അതിനെതിരെ പ്രതികരിക്കാനും ഭരണപക്ഷം തയ്യാറാകണം. ഇത് കേവലം ഒരു കമ്പനിയുടെയോ അതിലെ ജീവനക്കാരുടെയോ പ്രശ്നമല്ല, കേരളത്തിലെ മുഴുവൻ ആളുകളുടേയും പ്രശ്നമാണ്. സങ്കുചിത രാഷ്ട്രീയ താൽപര്യത്തിനതീതമായി ഈ പ്രശ്നത്തെ കണ്ടുകൊണ്ട് 10,000 കോടി രൂപയുടെ സമ്പത്തും ആസ്തിയും രാജ്യത്തിന് നഷ്ടപ്പെടാതിരിക്കാൻ ''ഫാക്ട്'' സ്വകാര്യവൽക്കരിക്കുന്ന നടപടി അവസാനിപ്പിക്കുന്നതിന് കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി.ശങ്കരൻ) (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയ്ക്കുവേണ്ടി): പ്രമേയത്തെ എതിർക്കുന്നു. എന്നാൽ പ്രമേയത്തിന്റെ അന്തസത്ത പൂർണ്ണമായി ഗവൺമെന്റ് ഉൾക്കൊള്ളുന്നു. മുഖ്യമന്ത്രി രാജ്യത്തിന്റെ താൽപര്യത്തിനുവേണ്ടി മാത്രം നിലകൊള്ളുന്ന ആളാണ്. കോൺഗ്രസ്സിന് ഇക്കാര്യത്തിൽ വ്യക്തമായ നിലപാടുകളുണ്ടെങ്കിലും ഐക്യജനാധിപത്യ മുന്നണി സംവിധാന ത്തിൽ നയപരമായ തീരുമാനമാണ് എടുക്കുന്നത്. എന്നാൽ ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുത്തിട്ടില്ല. ഇൻഡ്യയിൽ വ്യവസായ സ്ഥാപനങ്ങൾ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും ഉണ്ടാകണമെന്നുള്ളതാണ് കോൺഗ്രസ്സിന്റെ നിലപാട്. ആഗോള വൽക്കരണത്തിന്റെ ഭാഗമായി ലോക ഇക്കോണമിയിൽ മാറ്റങ്ങളുണ്ടാകുമ്പോൾ അതിനനുസൃതമായ മാറ്റം ഇൻഡ്യയിലും ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഫാക്ട് -ന്റെ കാര്യത്തിൽ സംസ്ഥാനത്തിന്റെ ആശങ്ക ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആ സ്ഥാപനത്തിന്റെയും തൊഴിലാളികളുടേയും താൽപര്യങ്ങൾ പരിശോധിച്ച തിനുശേഷം തീരുമാനമെടുക്കുന്നതാണ്. അതുകൊണ്ട് ഈ പ്രമേയം പിൻവലിക്കണം.

പ്രമേയം 15-നെതിരെ 46 വോട്ടുകളോടെ സഭ നിരാകരിച്ചു.

(3) <u>പിന്നോക്ക വിഭാഗങ്ങൾക്ക് നിയമാനുസൃതമുള്ള സംവരണം</u>

<u>ശ്രീ. ടി.യു.രാധാകൃഷ്ണൻ</u> : താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു.

''സംസ്ഥാന സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലും പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള നിയമാനുസൃത സംവരണം കർശനമായി പാലിക്കണമെന്നും, അതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും ഈ സഭ ആവശ്യപ്പെടുന്നു.'' കേരളത്തിലെ ജനങ്ങളെ പിന്നോക്കക്കാരെന്നും മുന്നോക്കക്കാരെന്നും സർക്കാർ രണ്ടായി തരംതിരിച്ചിരിക്കുന്നു സവർണ്ണ ഹിന്ദുക്കളിൽ ചില സമുദായക്കാർ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നു. എന്നാൽ അവർണ്ണ ഹിന്ദുക്കളെല്ലാം പിന്നോക്കക്കാരാണ്. അതുപോലെ മുസ്ലീങ്ങളും ക്രിസ്ത്യാനികളിൽ മൂന്നിലൊന്ന് പേരും പിന്നോക്ക വിഭാഗമാണ്. ഈ പിന്നോക്കക്കാർ മൊത്തം ജനസംഖ്യയുടെ 80 ശതമാനം വരും. ഇവരുടെ കഴിവുകൾ ഉപയോഗിക്കപ്പെടാതെ പോകുന്നത് തടയാനാണ് വിദ്യാഭ്യാസം, ജോലി എന്നീ കാര്യങ്ങളിലുൾപ്പെടെ അവർക്ക് 50 ശതമാനം സംവരണം ഏർപ്പെടുത്തിയതും അതിന് വ്യക്തമായ നിയമങ്ങൾ ഉണ്ടാക്കിയതും. 1958–ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസിലെ 14 മുതൽ 17 വരെയുള്ള വകുപ്പുകൾ സംവരണ വ്യവസ്ഥ ഉൾക്കൊള്ളുന്നവയാണ്. സംവരണ സമുദായങ്ങളെ പത്ത് ഗ്രൂപ്പായി ഗവൺമെന്റ് തിരിച്ചിട്ടുണ്ടെങ്കിലും കേരളത്തിൽ യഥാർത്ഥ അവകാശികൾക്ക് ആ ആനുകൂല്യം കിട്ടുന്നില്ല. ഇതിനു കാരണം കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിൽ ഇരുപതിന്റെ യൂണിറ്റായി തെരഞ്ഞെടുപ്പ് നടത്തണമെന്ന് എഴുതിച്ചേർത്തതാണ്. അതുകൊണ്ട് റൂൾസിൽ ഭേദഗതി വരുത്തണം. സംവരണത്തെപ്പറ്റി പഠിക്കാൻ നിയോഗിച്ച നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടു പ്രകാരം പിന്നോക്ക വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സംവരണാനുകൂല്യം ലഭിക്കുന്നതിന് 18529 തസ്തികകൾകൂടി നികത്തേണ്ടതുണ്ട്. പിന്നോക്കസമുദായക്കാർക്ക് കഴഞ്ഞ കാലങ്ങളിൽ കിട്ടേണ്ട ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടു . യൂണിവേഴ്സിറ്റികളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നടത്തുന്ന നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ എന്നറിയാൻ ലിസ്റ്റ് ആവശ്യപ്പെട്ടാൽ നിലവിലുള്ള സമുദായങ്ങളുടെ ലിസ്റ്റ് അയച്ചുതരും സംവരണത്തെ സംബന്ധിച്ചിടത്തോളമുള്ള 20 യൂണിറ്റു എന്നുപറയുന്ന സംവിധാനം ഉപയോഗിച്ചാണ് വിദ്യാഭ്യാസ യോഗ്യതയുള്ളവരെ കിട്ടാനില്ല എന്നുപറഞ്ഞ് സംവരണതത്വം സംസ്ഥാന സർവ്വീസിൽ അട്ടിമറിക്കപ്പെടുന്നത് . സംവരണതത്വം അട്ടിമറിക്കപ്പെ ടുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ ഹൈക്കോടതിയുടെ അധികാരമുള്ള ട്രിബ്യൂണലിനെക്കൊണ്ട് പരിശോധിപ്പിച്ച് കുറ്റക്കാരായവർക്ക് രണ്ടുവർഷം ജയിൽശിക്ഷ കൊടുക്കണമെന്നാണ് കേന്ദ്രസർക്കാരിന്റെ പിന്നോക്ക വിഭാഗങ്ങളുടെയും പട്ടികജാതി–പട്ടികവർഗ്ഗങ്ങളുടെയും ക്ഷേമസമിതി ശുപാർശ ചെയ്തിരിക്കുന്നത് . പിന്നോക്കവിഭാഗങ്ങൾക്ക് കഴിഞ്ഞകാലങ്ങളിൽ നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും ഇപ്പോൾ സർക്കാർ അനുവദിച്ചിരിക്കുന്ന സംവരണ വ്യവസ്ഥ പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കണം . വിദ്യാഭ്യാസരംഗത്ത് സർക്കാർ ശമ്പളം കൊടുക്കുന്ന എയിഡഡ് സ്കൂളുകളിലും സ്വകാര്യമേഖലയിലും സംവരണതത്വം പാലിക്കണം. വേണ്ടത്ര വിദ്യാഭ്യാസയോഗ്യത ഇല്ലെന്ന കാരണത്താൽ

ക്ലാസ് ഒന്നും രണ്ടും വിഭാഗങ്ങളിൽ നിയമനം നിഷേധിക്കപ്പെടുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം . പ്ളസ് ടു സ്കൂളുകളിലെ കുട്ടികളുടെ പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നയംമൂലം പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുള്ള അവകാശങ്ങൾ നഷ്ടപ്പെടുകയാണ് . ഐ.എ.എസ്, ഐ.പി.എസ് തലങ്ങളിൽ പിന്നോക്കക്കാരുടെ എണ്ണം കുറവാണ്. ഇതു പരിഹരിക്കാൻ വിദ്യാഭ്യാസമേഖലയിലും അർഹമായ സംവരണം ഉറപ്പുവരുത്തണം .

ശ്രീ. ഡി.സുഗതൻ: പ്രമേയത്തെ അനുകൂലിക്കുന്നു . ജനകീയഭരണകൂടം നിലവിൽ വരികയും നിയമന ചട്ടങ്ങളിൽ വ്യക്തമായി പറയുകയും ചെയ്തിട്ടുള്ള കാര്യങ്ങൾ ചട്ടം 14 (എ)യുടെ മറവിൽ അട്ടിമറിക്കപ്പെടുകയും സംവരണ നിയമനം നൽകാതിരിക്കുകയും ചെയ്യുന്നതു സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യണം . ചട്ടം 14 (എ)യും 15 –ഉം ഭേദഗതി ചെയ്യണം. സംവരണ സമുദായത്തിൽപ്പെട്ടയാൾ മെറിറ്റിൽ നിയമനം നേടിക്കഴിഞ്ഞാൽ ആ സമുദായത്തിനുള്ള സംവരണനിയമനം നിഷേധിക്കപ്പെടുന്ന അവസ്ഥ മാറണം . നിരന്തരമായ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങൾ അട്ടിമറിക്കപ്പെടുന്നതുമൂലം പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ ജോലി ലഭിക്കുന്നതിനും വിദ്യാഭ്യാസരംഗത്ത് കടന്നുവരുന്നതിനും കഴിയുന്നില്ല. നിരന്തരമായ പ്രയത്നങ്ങളിലൂടെ നേടിയെടുത്ത ആനുകൂല്യങ്ങൾ അട്ടിമറിക്കാൻ ഇടയായ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിക്കണം . സംവരണ സമുദായങ്ങൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ നേടിയെടുക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. 20 യൂണിറ്റ് എന്നുള്ളത് 100 യൂണിറ്റാക്കി മാറ്റണം .

ശ്രീ എം.വി.ജയരാജൻ: ഇവിടെ പറഞ്ഞ കാര്യങ്ങളോട് യോജിക്കുകയാണ് . സ്വാതന്ത്ര്യം ലഭിച്ച് അര നൂറ്റാണ്ട് പിന്നിട്ടിട്ടും കേരളത്തിലെ പിന്നോക്ക ജനവിഭാഗങ്ങളുടെ സ്ഥിതക്ക് മാറ്റമുണ്ടായിട്ടില്ല. പൊതുമേഖലയാകെ സ്വകാര്യവൽക്കരിക്കപ്പെടുന്നതുമൂലം സംവരണതത്വങ്ങൾ തകർന്നുകൊണ്ടിരിക്കുകയാണ്. പിന്നോക്ക ജനവിഭാഗങ്ങളുടെ അവകാശങ്ങൾ ലഭ്യമാക്കുന്നതിന് ഉതകുന്ന നയം സ്വകാര്യമേഖലയിലും സ്വീകരിക്കേണ്ടതാണെന്ന രാഷ്ട്രപതിയുടെ പ്രസ്താവന ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കും പിന്നോക്കവിഭാഗക്കാർക്കും അർഹമായ സംവരണം സ്വകാര്യസ്ഥാപനങ്ങളിലും നടപ്പാക്കണമെന്ന് രാഷ്ട്രപതി നിർദ്ദേശിച്ചു . സർക്കാർ ഫണ്ട് ഉപയോഗിച്ചാണ് സ്വകാര്യമേഖലയും നിലിൽക്കുന്നത് എന്നുള്ളതിനാൽ സാമൂഹ്യബാദ്ധ്യത ഏറ്റെടുക്കാനുള്ള ഉത്തരവാദിത്വം സ്വകാര്യ എയിഡഡ് മേഖലകൾക്കുണ്ട് .

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30–നു പിരിഞ്ഞു .

.........